മംഗളം

# ജെന്റർ ആൻഡ് ടെക്നോളജി കോൺഫറൻസിന് തുടക്കമായി

കൊല്ലം: അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിലെ സ്കൂൾ ഓഫ് സോഷ്യൽ ആൻഡ് ബിഹേവിയറൽ സയൻസസ്, യുനെസ്കോ ചെയർ ഫോർ ജെന്റർ ഈക്വാലിറ്റി ആൻഡ് വുമൺസ് എംപവർമെന്റുമായി സഹകരിച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര ജെന്റർ ടെക് കോൺഫറൻസിന് തുടക്കമായി.

ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര ജലശക്തി വകുപ്പ് മന്ത്രി ഡോ. രാജ് ഭൂഷൺ ചൗധരി മുഖ്യാതിഥിയായി. ഐക്യരാഷ്ട്ര സഭ ടെക് എൻവോയ് സെക്രട്ടറി ജനറൽ ഡോ. മെഹ്ദി സ്നീൻ, യുനെസ്കോ സൗത്ത് ഏഷ്യാ റീജിയണൽ ഓഫീസ് ഡയറക്ടർ ഡോ. ടിം കേർട്ടിസ്, ഐ.ഇ.ഇ.ഇ. കേരള മുൻ ചെയർ പ്രഫ. മുഹമ്മദ് കാസിം എന്നിവർ പങ്കെടുത്തു. സ്കൂൾ ഓഫ് സോഷ്യൽ ആൻഡ് ബിഹേവിയറൽ സയൻസസ് ഡീൻ ഡോ. ഭവാനി റാവു അധ്യക്ഷത വഹിച്ചു. യൂറോപ്പ് മാതാ അമൃതാനന്ദമയി സെന്റർ ഡയറക്ടർ സ്വാമി ശുഭാമൃതാനന്ദ പുരി, അമൃത സ്കൂൾ ഓഫ് ഫിസിക്കൽ സയൻസസ് ഡീൻ ഡോ. ഗീത കുമാർ എന്നിവർ പ്രസംഗിച്ചു. പ്രഭാഷണ പരമ്പര, മെഗാ ഹാക്കത്തോൺ, ക്ലാസ്, പ്രദർശനം തുടങ്ങിയവ കോൺഫറൻസിന്റെ ഭാഗമായി നടക്കും. കോൺഫറൻസ് നാളെ സമാപിക്കും.

THIRUVANANTHAPURAM Edition
Jan 18, 2025 Page No. 5
Powered by: erelego.com